# റീജിയണൽ കാൻസർ സെന്റർ
# തിരുവനന്തപുരം

നഴ്സിംഗ് അസിസ്റ്റന്റ് ട്രെയിനിംഗ് പ്രോഗ്രാം 2024-2026

പ്രോസ്പെക്ടസ്

## പ്രോസ്പെക്ടസ്

1981-ൽ സ്ഥാപിതമായ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ കാൻസർ രോഗനിർണ്ണയം, ചികിത്സ, പാലിയേഷൻ, കാൻസർ രോഗികളുടെ പുനരധിവാസം എന്നിവയ്ക്ക് അത്യാധുനിക സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും വിവിധ തരം ക്യാൻസറുകളെക്കുറിച്ച് വിപുലമായ ഗവേഷണം നടത്തുകയും ചെയ്യുന്ന ഒരു അന്താരാഷ്ട്ര അംഗീകാരമുള്ള കേന്ദ്രമാണ്. റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി) കേന്ദ്രഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ നടപ്പിലാക്കുന്ന ദേശീയ അർബുദ നിയന്ത്രണപരിപാടിയുടെ ഭാഗമായി ഇന്ത്യയിലൊട്ടുക്ക് പ്രവർത്തിക്കുന്ന 26 കേന്ദ്രങ്ങളിലൊന്നാണ്. ഓങ്കോളജി നഴ്സിംഗ് മേഖലയിൽ പരിശീലനത്തിനായി ആർസിസി വിവിധ അക്കാദമിക് പ്രോഗ്രാമുകൾ നടത്തുന്നു.

അടിസ്ഥാന രോഗിപരിചരണം നൽകുന്നതിലേക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നഴ്സിംഗ് അസിസ്റ്റന്റ് ട്രെയിനിംഗ് പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, വൃദ്ധസദനങ്ങൾ തുടങ്ങിയവയിൽ രോഗികൾക്ക് അടിസ്ഥാന പരിചരണം നൽകുന്നതിന് പ്രാപ്തരാക്കുന്ന രീതിയിലാണ് ഈ പരിചരണ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്.

തിരുവനന്തപുരം ആർസിസിയിൽ 2024-26 അധ്യായന വർഷത്തേക്കുള്ള നഴ്സിംഗ് അസിസ്റ്റന്റ് ട്രെയിനിംഗ് പ്രോഗ്രാമിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു.

### നഴ്സിംഗ് അസിസ്റ്റന്റ് ട്രെയിനിംഗ് പ്രോഗ്രാം പ്രവേശനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

### 1. ട്രെയിനിംഗ് പ്രോഗ്രാം കാലാവധി

- 2 വർഷം (1 വർഷത്തെ പരിശീലനവും 1 വർഷത്തെ നിർബന്ധിത അപ്രന്റിസ്ഷിപ്പും). ആദ്യവർഷത്തെ പരിശീലനത്തിൽ തീയറി ക്ലാസ്സുകളും ഒപ്പം പ്രായോഗിക പരിശീലനത്തിനായി ട്യൂട്ടർമാരുടെ മേൽനോട്ടത്തിൽ വാർഡുകളിൽ നിയോഗിക്കുകയും ചെയ്യും. അപ്രന്റിസ്ഷിപ്പ് കാലയളവിൽ പൂർണമായും വാർഡുകളിൽ രോഗിപരിചരണ പരിശീലനത്തിന് നിയോഗിക്കുകയും ചെയ്യും.
- ഈ 2 വർഷവും പൂർത്തിയാക്കിയാൽ മാത്രമേ ട്രയിനിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാകുകയുള്ളൂ.
- പരീക്ഷയിൽ വിജയിക്കുകയും ആദ്യ വർഷം 100% ഹാജർ നേടുകയും ചെയ്യുന്നവർക്ക് മാത്രമേ അപ്രന്റിസ്ഷിപ്പിൽ പ്രവേശിക്കാൻ അനുമതിയുള്ളൂ.
- നിർബന്ധിത അപ്രന്റിസ്ഷിപ്പ് സമയത്ത് 100 ശതമാനം അറ്റന്റൻസ് ഉള്ളവർക്ക് മാത്രമേ ട്രയിനിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാകുകയുള്ളൂ.
- ട്രയിനിംഗ് പരിശീലന പരിപാടിയുടെ കാലയളവിൽ അനുവദനീയമായതിലും കൂടുതൽ അവധി എടുക്കുന്നവർ കോമ്പൻസേഷൻ ഡ്യൂട്ടി ചെയ്യണം എങ്കിൽ മാത്രമേ 100% ഹാജർ നേടി ട്രയിനിംഗ് സർട്ടിഫിക്കറ്റ് കരസ്തമാക്കാൻ കഴിയുകയുള്ളൂ.
- വൈദ്യശാസ്ത്രപരമായി ന്യായമായ കാരണമില്ലാതെ 1 വർഷത്തിൽ കൂടുതലായി പരിശീലന പരിപാടിയിൽ ഹാജരാകാതിരുന്നാൽ സർട്ടിഫിക്കറ്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല

**2. സീറ്റുകളുടെ എണ്ണം** : 40 (ജാതി സംവരണ തത്ത്വങ്ങൾക്ക് ബാധകമായിരിക്കും)

3. **സ്റ്റൈപ്പൻഡ്:** 1-ാം വർഷത്തെ ട്രയിനിംഗ് കാലയളവിൽ ആദ്യത്തെ മൂന്ന് മാസമുള്ള പരിശീലനം പൂർത്തിയാക്കിയതിന് ശേഷമുള്ള 9 മാസത്തേക്ക് മാസം തോറും 4000/- രൂപയും (നാലായിരം രൂപ), രണ്ടാം വർഷം (നിർബന്ധിത അപ്രന്റിസ്ഷിപ്പ സമയത്ത) മാസം തോറും 6000/- (ആറായിരം രൂപ) ആയിരിക്കും സ്റ്റൈപ്പൻഡായി ലഭിക്കുന്നത്.

4. ഫീസ്

| Sl.No | ഇനം | തുക |
|---|---|---|
| 1 | കോഷൻ ഡെപ്പോസിറ്റ് ( റീഫണ്ടബിൾ ) | Rs 500/- |
| 2 | ഫീസ് | Rs 4,000/- (പരിശീലന പരിപാടി ആരംഭിച്ച് ഒരാഴ്ചയ്ക്ക് ശേഷം പരിശീലനത്തിൽ നിന്ന് പിൻവാങ്ങുന്ന വിദ്യാർത്ഥിക്ക് കോഷൻ ഡെപ്പോസിറ്റ് ഒഴികെ അടച്ച ഫീസ് തിരികെ ലഭിക്കുകയില്ല) |

**4. പ്രവേശനത്തിനുള്ള യോഗ്യത**

a. **യോഗ്യത** : SSLC പാസ്സ് (ആദ്യ അവസരത്തിൽ)

b. **പ്രായപരിധി** : 18-23 വയസ്സ്. എല്ലാ SC/ST അപേക്ഷകർക്ക ഉയർന്ന പ്രായപരിധിയിൽ അഞ്ച് വർഷത്തെ ഇളവും ഒ.ബി.സി. വിഭാഗക്കാർക്ക് മൂന്ന വർഷത്തെ ഇളവ് നൽകും

**5. തിരഞ്ഞെടുക്കൽ രീതി**

1. **അപേക്ഷകർ 40-പേരിൽ കൂടുതലാണെങ്കിൽ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുക്കുക**
2. **എഴുത്തുപരീക്ഷ** 50 **മാർക്കിന്റെ മൾട്ടിപ്പിൾ** ചോയ്സ് ചോദ്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. നെഗറ്റീവ് **മാർക്ക് ഉണ്ടായിരിക്കുന്നതല്ല**
3. 10-ാം സ്റ്റാൻഡേർഡിന്റെ **ബയോളജി** പാഠ്യവിഷയത്തിനെ **അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയായിരിക്കും മലയാളത്തിലുള്ള എഴുത്തുപരീക്ഷ** നടത്തുന്നത്.

**6. ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ**

- പ്രായം, ജാതി, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം പൂരിപ്പിച്ച അപേക്ഷ ഫോം എന്നിവ 24.05.2024 തീയതിക്ക് മുൻമ്പ് നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ അഡീഷണൽ ഡയറക്ടർ, **റീജിയണൽ കാൻസർ** സെന്റർ, **തിരുവനന്തപുരം**-11 എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.
- സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന സമുദായമാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്ന് സമുദായ, വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

- പട്ടികജാതി/പട്ടികവർഗ ക്വാട്ടയിൽ സംവരണം അവകാശപ്പെടുന്ന അപേക്ഷകർ ജാതി/സമുദായ സർട്ടിഫിക്കറ്റ് തഹസിൽദാരിൽ നിന്ന് വാങ്ങണം.
- RCC യിലെ നഴ്സിംഗ് അസിസ്റ്റന്റ് പരിശീലനം പൂർത്തിയാക്കി എന്നതുകൊണ്ട് മാത്രം ഇവിടെ നടത്തുന്ന താത്ക്കാലികമോ സ്ഥിരമോ ആയ തസ്തികകളിൽ അവകാശം ഉന്നയിക്കുവാൻ സാധിക്കുകയില്ല.

**7. സർട്ടിഫിക്കറ്റ്**

- 2 വർഷവും പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കിയതിന് ശേഷം ഡയറക്ടർ, റീജിയണൽ കാൻസർ സെന്ററാണ് സർട്ടിഫിക്കറ്റ് നൽകുന്നത്

**പ്രധാനപ്പെട്ട തീയതികൾ**

| Event | Date |
|---|---|
| തപാൽ വഴി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | 24.05.2024 |
| എഴുത്തു പരീക്ഷ തീയതി | 08.06.2024 |
| അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 15.06.2024 |
| കൗൺസിലിംഗ് തീയതി | 21.06.2024 |
| പ്രവേശന തീയതി | 22.06.2024 |
| ക്ലാസുകൾ ആരംഭിക്കുന്ന തീയതി | 24.06.2024 |

- **അപേക്ഷ** പൂരിപ്പിക്കുന്നതിന് മുമ്പ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മെഡിക്കൽ കോളേജ് ബ്രാഞ്ച്, തിരുവനന്തപുരം എന്ന വിലാസത്തിൽ മാറാവുന്ന ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം എന്ന പേരിൽ 50 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് (എസ്‌സി/എസ്ടി അപേക്ഷകർക്ക് അപേക്ഷാ ഫീസ് ഇല്ല) എടുക്കണം.
- **അന്തിമ** റാങ്ക് ലിസ്റ്റ്, കൗൺസിലിംഗ് തീയതി തുടങ്ങിയ വിശദാംശങ്ങൾ www.rcctvm.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**Thiruvananthapuram** **DIRECTOR**

**03/05/2024**

# REGIONAL CANCER CENTRE, THIRUVANANTHAPURAM

## APPLICATION FORM

| | |
|---|---|
| Name of Course | NURSING ASSISTANT TRAINING PROGRAMME |
| Name of the Applicant (in block letters) | |
| Age & Date of Birth | |
| Religion & Caste | |
| DD Number, Amount and Date | |
| Address for Communication with Pincode | Permanent Address |
| | |
| | Contact No: |

EDUCATIONAL QUALIFICATIONS

| Name of Examination passed | Board | Reg.No | Year & month of Passing |
|---|---|---|---|
| | | | |

EXPERIENCE

| Name of Institution | Post held | Period (from - to) | Duration |
|---|---|---|---|
| | | | |

I hereby declare that the above entries are true to the best of my knowledge and belief

Place:

Date:

SIGNATURE OF THE CANDIDATE